എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി നിയമിച്ച ഫോറസ്റ്റ് ഗാർഡുകൾ

* 361. [20] ശ്രീ. എം. എം. മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുവഴി നിയമിച്ച ഏതാനും ഫോറസ്റ്റ് ഗാർഡുകളെ പിരിച്ചുവിടാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്രപേരെ ;

(സി) ഇവരിൽ തുടച്ചയായി എത്ര വർഷംവരെ സർവ്വീസുള്ളവരുണ്ട് ;

(ഡി) ഇവരുടെ പക്കൽ നിന്നും വല്ല നിവേദനവും ലഭിച്ചിട്ടുണ്ടോ ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ) :

(എ) ഉണ്ട്.

(ബി) മൂന്നുപേരെ പിരിച്ചുവിട്ടുകഴിഞ്ഞു. 78 പേരെ പിരിച്ചുവിടാൻ നിർദ്ദേശം കൊടുത്തുകഴിഞ്ഞു.

(സി) ഒരു കൊല്ലംതൊട്ട് ആറു വർഷംവരെ.

(ഡി) ഉണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഫോറസ്റ്റ് ഗാർഡുമാരായി വളരെക്കാലം ഉദ്യോഗത്തിൽ തുടർന്നശേഷം പിരിച്ചുവിട്ടവർക്ക് വേറെ ഉദ്യോഗത്തിനും പോകുന്നതിനും 'ഏജ് ബാർ' ഇഴിഞ്ഞുപോയതുകൊണ്ട് സാധിക്കുന്നില്ല. അതുകൊണ്ട് അങ്ങനെയുള്ളവർക്ക് സർവ്വീസിലിരുന്ന കാലമെങ്കിലും വയഃക്രിപ്പിയിൽനിന്നും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : പ്രൊവിഷണലായിട്ട് എംപ്ലോയ മെൻറ് എക്സ്ചേഞ്ചിൽനിന്നും ജോലിക്കെടുത്തിട്ടുള്ളവരെയാണ് പിരിച്ചുവിട്ടിട്ടുള്ളത്. അങ്ങനെ പിരിച്ചുവിടപ്പെട്ടവരിൽ പലർക്കും 'ഏജ് ബാർ' കഴിഞ്ഞിട്ടുണ്ട്. അക്കാരണത്താൽ അങ്ങനെയുള്ളവർക്ക് സർവ്വീസിലിരുന്ന കാലം അതുമായും 'ഏജ് ബാറിൽ'നിന്നും എക്സംപ്ഷൻ കൊടുക്കണമെന്നും നിവേദനം കിട്ടിയിട്ടുണ്ട്. അവസാനതീരുമാനം ഒന്നും എടുത്തിട്ടില്ല.

ശ്രീ. ഇ. പി. ഗോപാലൻ : എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും ആളുകളെ നിയമിക്കുന്നതു സാധാരണ മൂന്നു മാസത്തേക്കാണ്. അങ്ങിനെയിരിക്കെ മൂന്നു മാസത്തിലധികം ഇവരെ സർവ്വീസിൽ വെച്ചുകൊണ്ടിരിക്കുവാനുള്ള കാരണം എന്താണ് ? ആ സ്ഥാനത്തേയ്ക്ക് പുതിയ ആളിനെ നിയമിക്കാൻ ഡിപ്പാർട്ടുമെൻറിനു വല്ല വൈഷമ്യവും നേരിട്ടതുകൊണ്ടാണോ ? അതോ ഗവണ്മെൻറിനു വല്ല വൈഷമ്യവും നേരിട്ടതുകൊണ്ടാണോ ?

ശ്രീ. എം. പി. ഗോവിന്ദൻനായർ : എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽനിന്നും നിയമിക്കുന്ന സ്ഥാനങ്ങളിലേയ്ക്ക് പി. എസ്. സി യിൽനിന്നും റിക്രൂട്ടുമെൻറ് നടത്തേണ്ടതാണ്. പക്ഷെ ഫോറസ്റ്റ് ഗാർഡുമാരുടെ കാര്യത്തിൽ ഫോറസ്റ്റ് റൂൾസ് ഫൈനലൈസ് ചെയ്യാത്തതുകൊണ്ട് പി. എസ്. സി. യിൽനിന്നും റിക്രൂട്ടുമെൻറ് നടത്താൻ കാലതാമസം ഉണ്ടായതാണ്.

ശ്രീ. പി. വിശ്വംഭരൻ: പബ്ലിക് സർവ്വീസ് കമ്മീഷൻറെ ചട്ടങ്ങളെ പരാജയപ്പെടുത്തിക്കൊണ്ടുള്ള ഇത്തരം നടപടികൾ പിന്നിട് സ്ഥിരം നിയമനത്തിൻറെ അവകാശവാദമായി ഉന്നയിക്കാൻ അനുവദിക്കാതിരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ: എംപ്ലോയ്മെൻറ് എക്സ്ചേഞ്ചു വഴിയുള്ള നിയമനങ്ങളെല്ലാംതന്നെ പ്രൊവിഷണലായിട്ടുള്ളതാണ്. അതുകൊണ്ട് അതു സ്ഥിരമായ നിയമനമായി കണക്കാക്കാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. നാരായണക്കുറുപ്പ്. ഈ പ്രശ്നം എല്ലാ ഡിപ്പാർട്ടുമെൻറിലും ഉണ്ട്. എംപ്ലായ്മെൻറ് എക്സ്ചേഞ്ചുവഴി നിയമനം നടത്തുന്ന പോസ്റ്റുകളിൽ മൂന്നുമാസത്തിനുള്ളിൽതന്നെ പബ്ലിക്ക് സർവ്വീസ് കമ്മിഷനിൽ നിന്നുള്ള നിയമനം നടത്തുന്നതിനു് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?

ശ്രീ. എം. പി. ഗോവിന്ദൻ നായർ : ആവശ്യമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അങ്ങനെയുള്ള സ്ഥാനങ്ങളിലേയ്ക്കു് പി. എസ്. സി. യിൽനിന്നും നിയമനം നടത്തുന്നതിനു് ആ ഡിപ്പാർട്ടുമെൻറു് പി. എസ്. സി. യുമായി കൺസൾട്ടു് ചെയ്യണമെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതു് കർശനമായി തന്നെ പാലിക്കണമെന്നും ഉണ്ട്.

ജലസേചന പദ്ധതി.

* 362 (21) ശ്രീ.കെ. കൃഷ്ണപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ ജലസേചന പദ്ധതികൾക്കായി മൊത്തം എത്ര രൂപയാണു് വക കൊള്ളിച്ചിട്ടുള്ളതു്;

(ബി) ഏതെല്ലാം പദ്ധതികൾക്കായിട്ടാണു് തുക കൊള്ളിച്ചിട്ടുള്ളതു്;

(സി) ഓരോ പദ്ധതിക്കും എത്ര രൂപാവീതം നീക്കിവച്ചിട്ടുണ്ടു്?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഇ. പി. പൗലോസ്):

(എ, ബി,സി) 1964-1965-ലെ ബഡ്ജറ്റു് പാസ്സായതിനുശേഷമേ ഈ വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.

എം. ബി. ബി. എസ്. പാസ്സായിട്ടുള്ളവർ.

* 363 (23) ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1962-63 വർഷത്തിൽ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽനിന്നു എത്രപേർ എം. ബി. ബി. എസ് പാസായി പുറത്തുപോയിട്ടുണ്ടു്;

(ബി) ഇതിൽ എത്രപേർക്കു് ഗവണ്മെൻറു സർവ്വീസിൽ ജോലി നൽകി;

(സി) സ്റ്റേറ്റിൽനിന്നും എം. ബി. ബി. എസ്. പാസ്സായ എത്ര ഡാക്ടർമാർ ഗവണ്മെൻറു സർവ്വീസിൽ വരാതെ സ്വകാര്യമായി പ്രാക്ടീസ് ചെയ്യുന്നുണ്ടു്;

(ഡി) അത്തരക്കാരുടെ മേൽ എന്തെങ്കിലും നടപടികളും സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ഗവണ്മെൻറു സർവ്വീസു്, ഡാക്ടർമാരെ സംബന്ധിച്ചിടത്തോളം, കൂടുതൽ ആകർഷകമാക്കാൻ ഗവണ്മെൻറു വല്ല പദ്ധതിയും ആവിഷ്കരിക്കുവാൻ ആലോചനയുണ്ടോ?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻനായർ):

(എ) 126 പേർ.

(ബി) രണ്ടു വിദേശീയ വിദ്യാർത്ഥികളൊഴികെ മറ്റുള്ളവർക്കൊക്കെ ഗവണ്മെൻറു സർവ്വീസിൽ ഉദ്യോഗം നൽകി.

LIBRARY ARCHIVES Kerala Legislative Assembly